ജി 4/47306/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 05/02/2020

## സർക്കുലർ

വിഷയം:-കോളേജ് വിദ്യാഭ്യാസ വകുപ്പ് - കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസസ് പരീക്ഷാ നടത്തിപ്പ് - സംബന്ധിച്ച്.

സൂചന:- 1) EF II(3) 8343/2019/EW -ാം നമ്പർ കത്ത് തീയതി 16/01/2020.

2) 19/12/2019 -ാം തീയതിയിലെ പി 5/2/43/2019-2 -ാം നമ്പർ പാലക്കാട് കെ.പി.എസ്.സി. നമ്പർ കത്ത്.

***********

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ (കെ.എ.എസ്) ഓഫീസർ തസ്തികയ്ക്കുവേണ്ടി 22/02/2020 ശനിയാഴ്ച രാവിലെ 10 മണിമുതൽ 12 മണിവരെ (I സെക്ഷൻ) ഉച്ചക്ക് 1.30 മുതൽ 3.30 വരെ (II സെക്ഷൻ) നടത്തുന്ന ഒ.എം.ആർ പരീക്ഷ സുതാര്യവും കുറ്റമറ്റ രീതിയിലും നടത്തുവാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തണമെന്ന് പി.എസ്.സി. അഭ്യർത്ഥിച്ചിരിക്കുന്നു. ചില സ്ഥാപനങ്ങളിൽ നിന്നുമുള്ള നിസ്സഹകരണ മനോഭാവം പരീക്ഷ നടത്തിപ്പിന് പ്രതിസന്ധി സൃഷ്ടിക്കുന്നതായും അറിയിക്കുന്നു.

സർക്കാർ വളരെയേറെ പ്രാധാന്യത്തോടെ നോക്കികാണുന്ന ഇത്തരം പരീക്ഷകൾക്ക് ആവശ്യമായ സഹായങ്ങൾ നൽകേണ്ട ചുമതല അതാത് പ്രിൻസിപ്പാൾമാർക്കാണ്. ആയതിനാൽ പരീക്ഷയുടെ പ്രാധാന്യം കണക്കിലെടുത്ത് പി.എസ്.സി. ആവശ്യപ്പെടുന്ന പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കി കൊടുക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. സർക്കാർ നടത്തുന്ന പരീക്ഷകൾ വീഴ്ച വരുത്തുന്ന കോളേജുകൾക്ക് എതിരായി ശക്തമായ നടപടി സ്വീകരിക്കേണ്ടതായി വരുമെന്ന് വിവരം കൂടി ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്/-
ഡോ. സുമ കെ.കെ.
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

പകർപ്പ്:-
എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പ്രൈവറ്റ്/എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരുടെ അറിവിലേക്കും)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 5/2/20

1862689